22 (1382) ട്രാഫിക് പരിഷ്കാരത്തിനുള്ള തുക

ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997, 1998, 1999 എന്നീ വർഷങ്ങളിൽ എത്ര രൂപാ വീതം ട്രാഫിക് പരിഷ്കാരത്തിനായി മലപ്പുറം ജില്ലാ കളക്ടർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്;

(ബി) ഇതിൽ ഓരോ വർഷവും എന്തുതുക വീതം ചെലവാക്കി;

(സി) തുക മുഴുവനും ചെലവാക്കിയില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലാ കളക്ടർക്ക് റോഡ് സുരക്ഷാ നടപടികൾക്കായി കഴിഞ്ഞ മൂന്നു സാമ്പത്തിക വർഷങ്ങളിൽ നൽകിയ തുകയുടെ വിവരം താഴെ കൊടുക്കുന്നു.

1. 1996- '97 - ഇല്ല.
2. 1997- '98 - 1,90,000/-രൂപ.
3. 1998- '99 - 1,50,000/-രൂപ.

ആകെ 2,50,000/-രൂപ

(ബി)&(സി) ഓരോ വർഷവും ഈയിനത്തിൽ ചെലവാക്കിയ തുകയുടെ വിവരം താഴെ കൊടുക്കുന്നു.

1. 1996 -'97 - 26,047/-രൂപ. (മുൻവർഷം ബാക്കിയുണ്ടായിരുന്നതിൽ നിന്നും)
2. 1997 - '98 - ഇല്ല.
3. 1998 - '99 - 3,27,000/-രൂപ (മുൻവർഷം ബാക്കിയുണ്ടായിരുന്നത് ഉൾപ്പെടെ)

ആകെ 3,53,047/-രൂപ.

23 (1383) സന്ദർശന വിസയിൽ വരുന്ന വിദേശികൾ

ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ സി. മൊയിൻകുട്ടി:
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സന്ദർശന വിസയിൽ വരുന്ന വിദേശികൾ സംസ്ഥാനത്ത് എത്തുമ്പോൾ അവർക്ക് താമസസ്ഥലത്ത്നിന്ന് പുറത്ത് പോകാനും പൊതു പരിപാടികളിൽ പങ്കെടുക്കുവാനും അനുവാദം ലഭിക്കാറുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1999 ഏപ്രിൽ 7-ന് തിരുവനന്തപുരത്ത് എത്തിയ ആഫ്രോ ഏഷ്യൻ സൗഹൃദസംഘത്തിന് ഇക്കാര്യത്തിൽ നിയന്ത്രണം ഏർപ്പെടുത്തിയതിന്റെ കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സന്ദർശന വിസയിൽ വരുന്ന വിദേശികൾക്ക് താമസസ്ഥലത്ത് നിന്നും പുറത്തുപോകുന്നതിന് അനുവാദം ആവശ്യമില്ല. എന്നാൽ പൊതു പരിപാടികളിൽ പങ്കെടുക്കുവാൻ നിയമം അനുവദിക്കുന്നില്ല.

(ബി) 1999 ഏപ്രിൽ 7-ന് തിരുവനന്തപുരത്ത് എത്തിയ ആഫ്രോ ഏഷ്യൻ സൗഹൃദസംഘം ടൂറിസ്റ്റ് വിസയിലാണ് വന്നത്. ടൂറിസ്റ്റ് വിസ പ്രകാരം വരുന്ന വിദേശികൾക്ക് വിനോദപ്രദമായ യാത്രകൾ, ബന്ധുമിത്രാദികളെയും സുഹൃത്തുക്കളെയും സന്ദർശിക്കൽ, വിനോദം എന്നിവകൾക്ക് മാത്രമേ അനുവാദമുള്ളൂ. ആയതിനാലാണ് പ്രസ്തുത സംഘത്തിന് പൊതുപരിപാടികളിൽ പങ്കെടുക്കാൻ നിയന്ത്രണം ഏർപ്പെടുത്തിയത്.

24 (1384) ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയുടെ ഷോർട്ട് ലിസ്റ്റ്

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 26.5.92-ലെ ഗസറ്റ് വിജ്ഞാപനപ്രകാരം അപേക്ഷ ക്ഷണിച്ച ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയുടെ ഷോർട്ട് ലിസ്റ്റ് പോലും ഇതേവരെ പ്രസിദ്ധീകരിച്ചിട്ടില്ലെന്നകാര്യം അറിവുണ്ടോ;

(ബി) 17.2.1995-ൽ ടെസ്റ്റ് നടത്തിയിട്ട് നാലുവർഷങ്ങൾക്കുശേഷവും ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കാതിരിക്കുന്നതിന്റെ കാരണത്തെക്കുറിച്ച് അന്വേഷിക്കുമോ;

(സി) ഈ തസ്തികയിലേക്കുള്ള നിയമന നടപടികൾ ത്വരിതപ്പെടുത്താൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ),(ബി)&(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

25 (1385) താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തൽ

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ഡിപ്പാർട്ടുമെന്റുകളിൽ ജോലി നോക്കിവരുന്ന താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ഗവൺമെന്റ് എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ;

(ഡി) പ്രസ്തുത ഉത്തരവു പ്രകാരം ഇതുവരെയായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly